[Mr. P. Govinda Menon]

(ബി) കൊടുത്തുവരുന്നതായി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

(സി) വെജിറ്റബിൾസ് റേഷൻ ചെയ്തിട്ടില്ല.

(ഡി) ഉണ്ടായിരുന്നു.

(ഇ) മാനേജർ, മാരുതിവിലാസം ബോർഡിങ്ങ് ആൻഡ് ലോഡ്ജിങ്ങ്, എറണാകുളം. അപേക്ഷിച്ച തിയ്യതി ർ—ഒ—ൗൻർ൭.

(എഫ്) അനുവാദം കൊടുത്തു.

GODOWNS—RENTING OF

474. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) മുളന്തുരുത്തിയിൽ സബ്ഡിപ്പോവിന്നു പുറമെ എത്ര ഗോഡൌൺസ് ഗവണ്മെണ്ട വാടകക്കെടുത്തിട്ടുണ്ട്;

(ബി) ഇവയ്ക്കെല്ലാംകൂടി പ്രതിമാസം കൊടുത്തുവരുന്ന വാടക എത്ര;

(സി) ൧൯൪൬ ചിങ്ങം മുതൽ മിഥുനം വരെ ഇവ ഓരോന്നിലേയും ഓരോ മാസാവസാനത്തിലുള്ള സ്റ്റോക്ക ബാലൻസ് എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ആകെ മൂന്ന ഗോഡൌണുകൾ എടുത്തിട്ടുണ്ട്.

(ബി) പ്രതിമാസം ൧൫൫ ക.

(സി) അനുബന്ധം നോക്കുക. *(Appendix IV).*

RETAIL SHOP AT KUMBALANGI—LICENSE CANCELLATION OF

475. മിസ്റ്റർ പറമ്പി ലോനപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) കുമ്പളങ്ങിയിൽ മുസ്ലീം സമുദായത്തിൽപെട്ട ഒരു വ്യക്തി നടത്തിയിരുന്ന ഒരു റീടെയിൽ റേഷൻഷാപ്പ് ഇയ്യിടെ ക്യാൻസൽ ചെയ്തിട്ടുണ്ടോ;

(ബി) ആ ഷാപ്പ കിട്ടണമെന്ന് അതേസമുദായത്തിൽപ്പെട്ട ആരെങ്കിലുമോ, താരതമ്യേന പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായത്തിൽപ്പെട്ടവരും യുദ്ധസേവനം കഴിഞ്ഞുവന്നവരുമായ ആരെങ്കിലുമോ അപേക്ഷിച്ചിട്ടുണ്ടായിരുന്നോ;

(സി) ആകെ എത്ര അപേക്ഷകന്മാരുണ്ടായിരുന്നു;

(ഡി) അവർ ഏതെല്ലാം സമുദായത്തിൽപ്പെട്ട എന്തെല്ലാം യോഗ്യതകളോടുകൂടിയവരായിരുന്നു;

(ഇ) ഇപ്പോൾ ആ ഷാപ്പ് ഏല്പിച്ചുകൊടുത്തിരിക്കുന്ന ആളുടെ യോഗ്യതകൾ എന്തെല്ലാമാണ; ഈ വ്യക്തി പ്രജാമണ്ഡലം കക്ഷിയിൽപ്പെട്ട ഒരംഗമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) അതേസമുദായത്തിൽപ്പെട്ട ഒരു വ്യക്തിയും അവരുടെ ഒരു സംഘവും മറ്റു സമുദായത്തിൽപ്പെട്ട ചിലരും യുദ്ധസേവനം കഴിഞ്ഞുവന്നവരും അപേക്ഷിച്ചിരുന്നു.

(സി) ൧൦.

(ഡി) രണ്ടു അപേക്ഷകർ മുസ്ലീം സമുദായത്തിൽപ്പെട്ടവരിൽനിന്നും, ൭ എണ്ണം ക്രസ്ത്യാനികളിൽനിന്നും, ൯ എണ്ണം ഈഴവരിൽനിന്നും ആയിരുന്നു. ഇവരിൽ മൂന്നുപേർ യുദ്ധസേവനം കഴിഞ്ഞു മടങ്ങിവന്നവരായിരുന്നതിനാലും അവർക്ക മുൻഗണ നൽകേണ്ടതുകൊണ്ടും അവരുടെ യോഗ്യതകളെക്കുറിച്ചു മാത്രമേ പ്രത്യേകിച്ചു് അന്വേഷിക്കേണ്ടതായി വന്നുള്ളൂ. അവർ മൂന്നുപേരും ഷാപ്പ നടത്തുന്നതിന്നു വേണ്ടതായ ധനസ്ഥിതിയും വിശ്വാസ്യതയും മറ്റും ഉള്ളവരായിരുന്നു എന്നാണ് അറിവായതു.

(ഇ) ഇപ്പോൾ തിരഞ്ഞെടുത്ത ആളും ഷാപ്പ നടത്തുന്നതിനുള്ള ധനസ്ഥിതി, വിശ്വാസ്യത മുതലായ യോഗ്യതകളും ഉള്ള ആളും യുദ്ധസേവനം കഴിഞ്ഞു മടങ്ങിവന്നിട്ടുള്ള ആളും ആകുന്നു. പ്രജാമണ്ഡലം കക്ഷിയിൽപ്പെട്ട ആളല്ല എന്നാണ് അറിവു.

LIBRARY ARCHIVES Kerala Legislative Assembly